# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1042     06.06.2018 ലെ മറുപടി

### ജലസേചന വകുപ്പിലെ എസ്.എൽ.ആർ. വിഭാഗം ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ജലസേചന വകുപ്പിൽ 16/1/2013 ൽ എസ്.എൽ.ആർ. തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരെ വർക്കർ ഗ്രേഡ് 2 ആയി ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ; | (എ) ജലസേചന വകുപ്പിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ നിറവേറ്റുന്ന എസ്.എൽ.ആർ ജീവനക്കാരെ മാത്രമേ നിലവിൽ വർക്കർ ഗ്രേഡായി നിയമിക്കുവാൻ കഴിയുകയുള്ളൂ.<br>1) 1)01.01.2011 ന് മുൻപ് 10 വർഷം സർവ്വീസ് പൂർത്തിയായിരിക്കണം.<br>2) 55 വയസ്സ് പൂർത്തിയാകാത്തവരും അഥവാ പെൻഷൻ തീയതി ഏകീകരണം വഴി 31.03.2011 വരെ റഗുലറൈസ് ചെയ്യുമ്പോൾ സർവ്വീസിൽ തുടരാൻ അർഹതയുള്ളവരായിരിക്കണം<br>3) 500 ദിവസം പൂർത്തിയായിരിക്കണം.<br>4) 04/07/1983 നോ അതിനുശേഷമോ സർവ്വീസിലുള്ളവരായിരിക്കണം. |
| (ബി) എസ്.എൽ.ആർ,ആയി വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാർ ആനുകൂല്യങ്ങളൊന്നും ലഭിക്കാതെ പിരിയുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; ഇവർക്ക് മിനിമം പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ; | (ബി) എസ്.എൽ.ആർ ജീവനക്കാർക്ക് 58 വയസാണ് വിരമിക്കൽ പ്രായം. ഇവർ സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ Seasonal gratuity നൽകി വരുന്നു. |
| (സി) ഈ വിഭാഗം ജീവനക്കാരെ ഒഴിവുള്ള പാർടൈം സ്വീപ്പർ തസ്തികയിലേക്ക് മാറ്റി നിയമിക്കാൻ നടപടി കൈക്കൊള്ളാമോ; | (സി) പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. |

| | | | |
|---|---|---|---|
| (ഡി) | എസ്.എൽ.ആർ, ആയി വിരമിച്ച ജീവനക്കാരുടെ ഒഴിവിലേക്ക് ഇപ്പോൾ ജോലിചെയ്യുന്ന എച്ച്.ആർ.വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ എന്നറിയിക്കാമോ? | (ഡി) | എച്ച്.ആർ.ജോലി ചെയ്യുന്നവർ സ്ഥിരം ജീവനക്കാരല്ലാത്തതിനാൽ ഈ വിഭാഗത്തിൽപെട്ടവർക്ക് സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല. ആയതിനാൽ ഇത്തരത്തിൽ നിയമനം നടത്താൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ**